**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1525** **14-03-2022 - ൽ മറുപടിയ്ക്ക്**

**മുട്ടം ബങ്കര ബീച്ചിലെ പുറമ്പോക്ക് ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | null<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരം തുറമുഖ പരിധിയിൽപ്പെട്ട മംഗൽപാടി പഞ്ചായത്തിലെ മുട്ടം ബങ്കര ബീച്ചിലെ പുറമ്പോക്ക് ഭൂമി മംഗൽപാടി ഗ്രാമ പഞ്ചായത്തിന് കുട്ടികളുടെ പാർക്ക് നിർമ്മിക്കുന്നതിനായി ലൈസൻസ് അടിസ്ഥാനത്തിൽ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; ഇത് സംബന്ധിച്ച ഫയൽ എത് ഓഫീസിലാണെന്ന് വ്യക്തമാക്കുമോ; ഫയൽ നമ്പർ ഉൾപ്പെടെയുള്ള വിശദവിവരം ലഭ്യമാക്കുമോ; | (എ) | മഞ്ചേശ്വരം തുറമുഖ പരിധിയിൽപ്പെട്ട മംഗൽപാടി ഗ്രാമപഞ്ചായത്തിൽപ്പെടുന്ന മുട്ടം ബങ്കര ബീച്ചിലെ പുറമ്പോക്ക് ഭൂമി മംഗൽപാടി പഞ്ചായത്തിന് കുട്ടികളുടെ പാർക്ക് നിർമ്മിക്കുന്നതിനായി ലൈസൻസ് അടിസ്ഥാനത്തിൽ നൽകുന്ന വിഷയത്തിൽ സ്ഥലം പരിശോധന നടത്തി കോഴിക്കോട് പോർട്ട് ഓഫീസർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. ടി റിപ്പോർട്ടിൻമേൽ തീരുമാനം കൈക്കൊള്ളുന്നതിനായി, ഈ വിഷയം കേരള മാരിടൈം ബോർഡിന്റെ പരിഗണനയ്ക്കായി ബോർഡിന്റെ തിരുവനന്തപുരം ഓഫീസിൽ സി3-595/21 നമ്പരായി പരിശോധിച്ചുവരുന്നു. |
| (ബി) | പ്രസ്തുത ഭൂമി മംഗൽപാടി ഗ്രാമ പഞ്ചായത്തിന് എപ്പോൾ കൈമാറാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (ബി) | ഈ വിഷയത്തിൽ ബോർഡ് തീരുമാനം ലഭ്യമായതിനു ശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത ഭൂമിയിൽ പാർക്ക് നിർമ്മിക്കുന്നതിനായി ഗ്രാമപഞ്ചായത്തിന് സൗജന്യമായോ നാമമാത്ര തുകയ്ക്കോ ഉപയോഗാനുമതി ലഭ്യമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ? | (സി) | ഈ വിഷയത്തിൽ ബോർഡ് തീരുമാനം ലഭ്യമായതിനു ശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ